## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128 | | 03.02.2020-ൽ മറുപടിക്ക് | |
|---|---|---|---|
| **പൗരത്വ ഭേദഗതി നിയമത്തിന് എതിരെ നടന്ന പ്രതിഷേധ പ്രകടനങ്ങൾ** | | | |
| **ചോദ്യം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
| (എ) | പൗരത്വ ഭേദഗതി നിയമത്തിന് എതിരെ വിവിധ ജില്ലകളിൽ നടന്ന പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ജില്ലതിരിച്ചും പോലീസ് സ്റ്റേഷൻ തിരിച്ചും ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പൗരത്വഭേദഗതി നിയമത്തിനെതിരെ നിയമാനുസൃതമായി പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയതായുള്ള വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ആഭ്യന്തര വകുപ്പ് ഈ , വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിയ്ക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | സമാധാനപരമായി പ്രതിഷേധിച്ചവരെ അറസ്റ്റ് ചെയ്ത് തടവിലാക്കിയ കാര്യം പരിശോധിക്കുമോ; പൊതുമുതൽ നശീകരണം, ഗതാഗതം തടസ്സപ്പെടുത്തൽ തുടങ്ങിയ വകുപ്പുകൾ ചുമത്തിയകാര്യം പുനഃപരിശോധിക്കുമോ, വ്യക്തമാക്കാമോ? | (സി) | സമാധാനപരമായി പ്രതിഷേധിച്ചവരെ അറസ്റ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ